(ഇ) കഴിഞ്ഞ മൂന്ന് ക്വാർട്ടറുകളിലും ലെറ്റർ ഓഫ് ക്രെഡിറ്റ് കൊടുത്തപ്പോൾ കോട്ടയം നിർമ്മാണ ഡിവിഷന് ഈ പണിക്കുവേണ്ടി എന്ത് തുക കൊടുത്തു;

(എഫ്) കൊടുത്തില്ലെങ്കിൽ കാരണമെന്ത്;

(ജി) ഈ പണിക്ക് വേണ്ടി ഒക്ടോബറിൽ എത്ര രൂപയ്ക്ക് എൽ.സി. കൊടുത്തു;

(എച്ച്) അതനുസരിച്ച് ഫണ്ട് എന്നു കൊടുത്തു; ഇതനുസരിച്ചുള്ള തുക കോൺട്രാക്ടർക്ക് കൊടുത്തത് എന്നാണ്;

(ഐ) ഇല്ലെങ്കിൽ കൊടുക്കാൻ താമസിക്കുന്നതിന് കാരണമെന്തെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ രണ്ട് വർഷമായി മുടങ്ങിക്കിടക്കുകയാണ്.

(ബി) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ.

(സി) അതെ; 31.3.97-ൽ 10 ലക്ഷം രൂപ മൊബിലൈസേഷൻ അഡ്വാൻസായി നൽകിയിട്ടുണ്ട്.

(ഡി) 8 ലക്ഷം രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ഇ)&(എഫ്) 4.96 ലക്ഷം രൂപ.

(ജി) 2.48 ലക്ഷം രൂപ.

(എച്ച്)&(ഐ) 4.11.99-ൽ 3 ലക്ഷം രൂപയുടെ ഫണ്ടുകൊടുത്തു. കോൺട്രാക്ടറുടെ പാർട്ട്ബിൽ കൊടുക്കുന്നതിന് 1.67 ലക്ഷം രൂപ കൂടെ അവശ്യമുള്ളതിനാൽ തുക കൊടുത്തിട്ടില്ല.

124 (540) പി.ഡബ്ല്യു.ഡി. കോൺട്രാക്ടേഴ്സിന്റെ കുടിശ്ശികതീർക്കാൻ നടപടി

ശ്രീ. ഉമ്മൻ ചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യു.ഡി. കോൺട്രാക്ടേഴ്സിന്റെ കുടിശ്ശിക തീർക്കുവാൻ ഗവൺമെന്റ് എന്തു നടപടി സ്വീകരിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) കുടിശ്ശിക തുക വർദ്ധിച്ചു വരുന്നതുകൊണ്ട് പണി ഏറ്റെടുത്ത് നടത്തുവാൻ പലരും തയ്യാറാകുന്നില്ല എന്നതു ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) ഇപ്പോൾ പി.ഡബ്ല്യു.ഡി. കോൺട്രാക്ടേഴ്സിന് എത്ര കോടി രൂപ കുടിശ്ശിക ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ കുടിശ്ശിക സമയബന്ധിതമായി തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോൺട്രാക്ടർമാരുടെ കുടിശ്ശിക സമയബന്ധിതമായി തീർക്കുന്നതിന് ഒന്നാമത് ഉപ ധനാഭ്യർത്ഥനയിൽ 160 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നാഷണൽ ഹൈവേ വിഭാഗത്തിൽ 3,22,63,851 രൂപയും നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ പദ്ധതിയിനത്തിൽ 211.49 കോടി രൂപായും പദ്ധതിയേതരയിനത്തിൽ 295.20 കോടി രൂപായും നിയമസഭാ കോംപ്ലക്സ് വിഭാഗത്തിൽ 1.61 കോടി രൂപായും കെട്ടിടങ്ങളും തദ്ദേശ ജോലികളും വിഭാഗത്തിൽ 1999 നവംബർ 30-ന് 55.40 കോടി രൂപയും പി.ഡബ്ല്യു.ഡി. കോൺട്രാക്ടർമാർക്ക് കുടിശ്ശിക ഉണ്ട്.

(ഡി) കുടിശ്ശിക കൊടുത്തു തീർക്കുന്നത് ത്വരിതപ്പെടുന്നതിന്റെ ഭാഗമായിട്ടാണ് ഒന്നാമത് ഉപധനാഭ്യർത്ഥനയിൽ 160 കോടി രൂപാ വകയിരുത്തിയിട്ടുള്ളത്.

125 (543) പൊതുമരാമത്ത് വകുപ്പ് നേരിട്ട് നടത്തുന്ന വർക്കുകൾ

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ പി.ഡബ്ല്യു.ഡി. 1996-97, 97-98, 98-99 എന്നീ മൂന്നു വർഷങ്ങളിൽ എത്ര വർക്കുകൾ നേരിട്ടു പണി നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ വർക്കുകൾ ഏതെല്ലാം എന്നും ഓരോ വർക്കിനും എത്ര രൂപ വീതം ചെലവ് ചെയ്തു എന്നും വ്യക്തമാക്കുമോ;

(സി) ഈ വർക്കുകൾ ഡിപ്പാർട്ടുമെന്റ് നേരിട്ടു ചെയ്യുന്നതിനു പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിരുന്നുവോ, അതോ സബ് കോൺട്രാക്ട് ആയി വർക്കുകൾ കൊടുത്തിരുന്നുവോ; എന്ന് വ്യക്തമാക്കുമോ;

(ഡി) ഡിപ്പാർട്ടുമെന്റ് നേരിട്ട് വർക്കുകൾ നടത്തുന്നത് ഏതെല്ലാം സാഹചര്യങ്ങളിലാണ്;

(ഇ) ഈ പ്രത്യേക സാഹചര്യങ്ങൾ ഇല്ലാതെ ഏതെങ്കിലും വർക്കുകൾ പി.ഡബ്ല്യു.ഡി. ഏറ്റെടുത്തു നടത്തിയിട്ടുണ്ടോ;

(എഫ്) എങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 96-97-ൽ ഒരു വർക്കും നേരിട്ട് നടത്തിയിട്ടില്ല. 97-98-ൽ മൂന്നും 98-99-ൽ പത്തും വർക്കുകൾ നേരിട്ട് നടത്തുകയുണ്ടായി.

(ബി) വിശദവിവരങ്ങൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

(സി) ഈ വർക്കുകൾ പീസ് കോൺട്രാക്റ്റ് ആയാണ് ചെയ്യുന്നത്.

(ഡി) ടെൻഡറുകൾ വിളിച്ചിട്ട് ജോലി ഏറ്റെടുക്കുവാൻ ആളില്ലാത്ത സാഹചര്യത്തിലും റോഡിന്റെ ശോച്യാവസ്ഥ അടിയന്തിരമായി പരിഹരിക്കേണ്ട സാഹചര്യത്തിലുമാണ് നേരിട്ട് വർക്കുകൾ നടത്തുന്നത്.

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

† അനുബന്ധം - 17

LIBRARY ARCHIVES Kerala Legislative Assembly